ലൂക്കാ 24 : 44 – 53

**2024 മെയ് 12**

## വചനസന്ദേശം

**ഫാ. ജിയോ മാടപ്പാടൻ**

# സ്വർഗത്തിലേക്കു നോക്കൂ....

ഒരു ഐതിഹ്യം ഇങ്ങനെയാണ് ഈശോ സ്വർഗത്തിലേക്ക് ആരോഹണം ചെയ്ത് ദിവസങ്ങൾ കഴിഞ്ഞു. ഒരു ദിവസം തന്റെ കൈയിലെയും കാലുകളിലെയും ആണിപാടുകൾ നോക്കി സ്വർഗത്തിൽ ഇരിക്കുന്ന ഈശോയുടെ അടുത്തേക്ക് ഗബ്രിയേൽ മാലാഖ കടന്നുവന്നു. എന്നിട്ട് ഈശോയോട് ചോദിച്ചു: ''നീ ഈ മനുഷ്യർക്കുവേണ്ടി ചെയ്ത കാര്യങ്ങളെല്ലാം എല്ലാവർക്കും അറിയാമോ?'' ഈശോ പറഞ്ഞു, ''ഇല്ല; പലസ്തീനായിലെ ഏതാനും ആളുകൾക്ക് അറിയാം. പിന്നെ പത്രോസും യോഹന്നാനും യാക്കോബും ഒക്കെ ഇത് എല്ലാവരെയും അറിയിക്കാം എന്ന് പറഞ്ഞിട്ടുണ്ട്.'' ഗബ്രിയേൽ തുടർന്ന് ചോദിക്കും, ''പക്ഷെ, അവർക്കുശേഷം വരുന്ന തലമുറയ്ക്ക് ഇതിനോട് താല്പര്യം തോന്നിയില്ലെങ്കിലോ, ഇതൊക്കെ പറയാൻ മടി കാണിച്ചാലോ? നിനക്കു വേറെ എന്തെങ്കിലും പ്ലാൻ ഉണ്ടോ?'' ഈശോ മറുപടി പറഞ്ഞു, ''എനിക്ക് വേറെ പദ്ധതികൾ ഒന്നും ഇല്ല. അവരിലാണ് എന്റെ പ്രതീക്ഷ.''

നമ്മിലാണ് – സഭയിലാണ് – അവിടുത്തെ പ്രതീക്ഷ. അവൻ ദൗത്യം പൂർത്തിയാക്കി മടങ്ങി. ഇനി ഈ ദൗത്യം നമ്മൾ തുടരണം. ഈശോയുടെ സ്വർഗാരോഹണം കഴിഞ്ഞ് പന്തക്കുസ്തയ്ക്കുവേണ്ടി നമ്മൾ ഒരുങ്ങുകയാണ്. ഇന്ന് വായിച്ചുകേട്ട സുവിശേഷത്തിലാണ് ശിഷ്യന്മാർ ഈശോയെ അവസാനമായി മനുഷ്യനായി കാണുന്നത്. അന്നുതൊട്ട് അവർ സ്വർഗീയനായ ഈശോയെ ആണ് അനുഭവിക്കുന്നത്. ബഥാനിയായിലെ അനുഭവത്തിനുശേഷം ശിഷ്യന്മാർ ആനന്ദത്തോടെ മടങ്ങി എന്നാണ് രേഖപ്പെടുത്തുക.

ജെറുസലേം ശിഷ്യർക്ക് പേടിസ്വപ്നമായ ഒരു നഗരമായിരുന്നു. അവരുടെ ഗുരു വധിക്കപ്പെട്ടു, കൂട്ടത്തിലൊരുത്തൻ ഒറ്റുകാരനായി, അധികാരത്തിന്റെ ഭീകരത മുഴുവൻ പ്രകടമായ ഒരു നഗരം. എമ്മാവൂസിലേക്ക് യാത്ര പോയ ശിഷ്യന്മാർ ജറുസലേം ഉപേക്ഷിച്ച് പോയതാണല്ലോ. സദാ സമയവും മുറി അടച്ചിരുന്ന ശിഷ്യന്മാർ ഭയത്തിന്റെ പര്യായങ്ങൾ ആയിരുന്നു. ഉത്ഥിതനായ യേശുവിന്റെ പ്രത്യക്ഷപ്പെടലുകളും അവരെ ആദ്യം ഭയപ്പെടുത്തുന്നുണ്ട്. ഈ ശിഷ്യന്മാരാണ് ആനന്ദത്തോടെ ജെറുസലേം നഗരത്തിലേക്ക് മടങ്ങുന്നത്.

ഫ്രാൻസിസ് പാപ്പ പറയും, ശിഷ്യന്മാരും ക്രിസ്തുവിന്റെ എല്ലാ ശിഷ്യന്മാരും അന്നു മുതൽ ഏത് ഭീകരമായ നഗരത്തിലും ജീവിക്കാൻ കഴിയുന്നവരായി എന്ന്. അനീതിയും, അഴിമതിയും, അക്രമവും, സ്നേഹരാഹിത്യവും എന്തും ഉണ്ടാകട്ടെ. ഭൂമിയിലെ ഏത് 'നഗരത്തിലും' ക്രിസ്തുവിന്റെ ശിഷ്യന്മാർ ജീവിക്കും. കാരണം ഏത് നഗരത്തിന്റെ മുകളിലും ഉള്ളത് ഒരേ സ്വർഗമാണ്. ഒന്നു കണ്ണ് ഉയർത്തിയാൽ കാണുന്നത് അവന്റെ സ്വർഗസ്ഥനായ നാഥനെയാണ്.

പ്രിയമുള്ളവരെ, സമൃദ്ധിയുടെ പച്ചപ്പ് തേടി എത്രയോ ചെറുപ്പക്കാരാണ് നാടുവിട്ടുപോകുന്നത്. പലരും കടന്നു ചെല്ലുന്ന അന്യദേശത്ത് വല്ലാതെ ഒറ്റപ്പെട്ടു പോകുകയാണ്. എവിടെ ആയിരുന്നാലും കണ്ണുകൾ ഉയർത്താൻ അവരെ പഠിപ്പിക്കുക. നമ്മളും ഏത് ചുറ്റുപാടിലും ആകട്ടെ സ്വർഗത്തിലേക്കു കണ്ണുകൾ ഉയർത്തുന്നവരാകണം.

സദാസമയവും ദേവാലയത്തിൽ കഴിച്ചു കൂട്ടുന്ന ശ്ലീഹന്മാരിലൂടെയാണ് സുവിശേഷം അവസാനിക്കുന്നത്. ദൈവത്തെ കണ്ടുമുട്ടുന്ന ഇടങ്ങളും, ദൈവത്തോടു ചേർന്നിരിക്കുന്ന ഇടങ്ങളുമാണ് ദേവാലയം. നാം കടന്നുചെല്ലുന്ന സ്ഥലങ്ങൾ എല്ലാം ദേവാലയങ്ങൾ ആകണം. വീടിന്റെ ഭക്ഷണമുറിയും, കിടപ്പുമുറിയും തൊട്ട് ജോലിക്കായി, പഠനത്തിനായി, വിനോദത്തിനായി ചെല്ലുന്ന സ്ഥലങ്ങൾ പോലും നമ്മിലൂടെ ദൈവത്തെ കണ്ടുമുട്ടുന്ന ദേവാലയങ്ങളായി മാറ്റണം. പരിശുദ്ധാത്മാവിന്റെ ആഗമനത്തിനുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിച്ച് ഒരുങ്ങുന്ന ഈ ആഴ്ചയിൽ ഈ വിചിന്തനം വഴികാട്ടി ആവട്ടെ. എവിടെയും മുഖമുയർത്തി സ്വർഗത്തിലേക്കു നോക്കാനും, മറ്റുള്ളവർക്ക് ദൈവത്തെ കണ്ടുമുട്ടാനുള്ള തുടക്കമായി മാറാനും നമുക്ക് സാധിക്കട്ടെ. എ